പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.627 | 8-3-2012 ൽ മറുപടിയ്ക്ക്

**ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ എവിടെയെല്ലാം ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ആലുവ, ജില്ലാ ആശുപത്രി - പാലക്കാട്(സത്യസായി സപ്പോർട്ട് പ്രോജക്ട്), ജില്ലാ ആശുപത്രി കോട്ടയം കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജി വകുപ്പിന് കീഴിൽ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; | (ബി) | 23/12/2011 – ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നം.4427/2011/ആ.ക.വ. പ്രകാരം താഴെ പറയുന്ന ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>(1) ജനറൽ ആശുപത്രി, പത്തനംതിട്ട<br>(2) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, തൊടുപുഴ<br>(3) ജില്ലാ ആശുപത്രി, തൃശ്ശൂർ<br>(4) ജില്ലാ ആശുപത്രി, കണ്ണൂർ<br>(5) ജനറൽ ആശുപത്രി, കോഴിക്കോട്<br>ഇവയുടെ പ്രവർത്തന നടപടികൾ പുരോഗമിച്ചുവരുന്നു. |
| (സി) എങ്കിൽ മലപ്പുറം കോട്ടപ്പടിയിലെ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ചശേഷം മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

B.V. Kumar

സെക്ഷൻ ഓഫീസർ